**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2769** **28-02-2023 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ മുഴുവൻ നിയമനങ്ങളും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന ആണോ നടത്തുന്നത്; അല്ലായെങ്കിൽ ഏതൊക്കെ നിയമനങ്ങളാണ് പ്രസ്തുത ബോർഡ് മുഖേന നടത്താത്തതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിയമനങ്ങൾ നടത്തുന്ന രീതി വ്യക്തമാക്കാമോ; | (എ) | അല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ദേവസ്വങ്ങളിലെ പാരമ്പര്യ അവകാശങ്ങളുള്ള കാരായ്മ നിയമനങ്ങളുമാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന അല്ലാതെ നടത്തുന്നത്. കൂടാതെ ആശ്രിത നിയമനം വഴിയും ബൈ ട്രാൻസ്ഫർ മുഖേനയും നിയമനങ്ങൾ നടത്തിവരുന്നു. |
| (ബി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നതിനുശേഷം ബോർഡ് മുഖേന അല്ലാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടത്തിയ നിയമനങ്ങൾ ഏതൊക്കെയാണെന്നും ഏത് രീതിയിലാണ് നിയമനം നടത്തിയതെന്നും ഇതിൽ കരാർ താൽക്കാലിക നിയമനങ്ങൾ ഉണ്ടെങ്കിൽ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ച് വരുന്നു |
| (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമന തട്ടിപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതികളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിമേൽ ദേവസ്വം വിജിലൻസ് വിഭാഗം അന്വേഷണം നടന്നുവരുന്നു. |
| (ഡി) | പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിമേൽ ദേവസ്വം വിജിലൻസ് വിഭാഗം അന്വേഷണം നടന്നുവരുന്നു. |
| (ഇ) | പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിമേൽ ദേവസ്വം വിജിലൻസ് വിഭാഗം അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ